പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1500** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>പാലക്കാട് ജില്ലയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൻകീഴിലെ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേംകുമാർ ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാലക്കാട് ജില്ലയിൽ ഉന്നത വിദ്യാഭ്യാസവകുപ്പിന് കീഴിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് സ്ഥാപനങ്ങൾ തിരിച്ച് വിശദമാക്കാമോ?

**<u>മറുപടി:</u>** കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലും IHRD യുടെ കീഴിലും പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾക്ക് ഈ വർഷം പദ്ധതി ഇനത്തിൽ അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പാലക്കാട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റിസർച്ച് ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇലക്ട്രിക് വെഹിക്കിൾ-ഇമൊബിലിറ്റി ലാബിൽ സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുന്നതിന് വാർഷിക ആവശ്യങ്ങൾക്കായി ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ പട്ടാമ്പി റീജിയണൽ കേന്ദ്രത്തിന് കീഴിൽ നിലവിലുള്ള 4 പഠനസഹായകേന്ദ്രങ്ങൾക്ക് പുറമേ ചുവടെപറയുന്ന പുതിയ പഠനസഹായകേന്ദ്രങ്ങൾ (LSC) കൂടി 2026-27 വർഷത്തിൽ ആരംഭിച്ചിട്ടുണ്ട്.

1. യൂണിവേഴ്സൽ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, മണ്ണാർക്കാട്, പാലക്കാട് 2.കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, അഗളി, അട്ടപ്പാടി, പാലക്കാട് (IHRD) 3. തുഞ്ചത്തെഴുത്തച്ഛൻ കോളേജ്, എലവഞ്ചേരി, നെന്മാറ, പാലക്കാട് 4. ശ്രീകൃഷ്ണപുരം വി ടി ഭട്ടതിരിപ്പാട് കോളേജ്, പാലക്കാട് 5. റോയൽ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, തൃത്താല, പാലക്കാട്

2026-27-ലെ സർവ്വകലാശാല ബജറ്റിൽ അഗളി ട്രൈബൽ മേഖലയിലെ ഉന്നതിയെ (ഊരിനെ) ദത്തെടുക്കുന്നതിനായി 54 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന ലിറ്ററസി മിഷനുമായി ചേർന്ന് പട്ടാമ്പി, മണ്ണാർക്കാട്, ആലത്തൂർ, പെരുമാട്ടി എന്നിവിടങ്ങളിൽ സമീപകാലത്ത് സർവ്വകലാശാല വൈജ്ഞാനിക സെമിനാർ നടത്തുകയുണ്ടായി. ജില്ലാ പഞ്ചായത്തുമായി ചേർന്ന് കുട്ടികളെ സ്പോൺസർ ചെയ്യാനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

സെന്റർ ഫോർ പ്രൊഫഷണൽ അൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസിന്റെ (സി-പാസ്) കീഴിൽ പാലക്കാട് ജില്ലയിലെ തൃത്താലയിൽ 2026-27 അദ്ധ്യയന വർഷം നേഴ്സിംഗ് കോളേജും ആരംഭിച്ചിട്ടുണ്ട്.

നാഷണൽ സർവീസ് സ്കീം മുഖേന ഫീനിക്സ്- പുനർജ്ജനി/ കാർബൺ ന്യൂട്രൽ പ്രോഗ്രാം പദ്ധതികൾ പാലക്കാട് ജില്ലയിലെ പോളിടെക്നിക്/ ഐ.ടി.ഐ/ എഞ്ചിനീയറിംഗ് കോളേജുകളിലും നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം - 1**

**കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന വിവിധ കൊളേജുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ വർഷം പദ്ധതി ഇനത്തിൽ അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .**

| Sl.No | Institution | Amount |
|---|---|---|
| 1 | Govt Victoria college palakkad(Rewiring of physics lab) | 25,14,000 |
| 2 | Govt Pathiripala(Rennovation of seminar hall,class room BBA, Flooring and painting L shape building | 84,90,000 |
| 3 | Govt college chittur(construction of overhead water tank) | 90,00,000 |
| 4 | Govt college Victoria( Rennovation of the tile work and providing tissue culture Lab Bioinformatics Lab in Botony Department) | 32,50,000 |
| 5 | Govt college Kozhinjampara (Maintanance work for Academic block library cum auditorium Block and ladies hostal block building) | 40,00,000 |
| 6 | Govt victoria IT purchase | 5,60,000 |
| 7 | sree neelakanta Govt sanskrit college pattambi IT purcahse | 5,60,000 |
| 8 | Govt college Pathiripala ( Rennovation of toilet block for girls) | 11,00,000 |
| | | |

**അനുബന്ധം – 2**

**IHRD യുടെ കീഴിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന വിവിധ കൊളേജുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

1 കോളേജ് ഒഫ് അപ്ലൈഡ് സയൻസ്, മലമ്പുഴ (രണ്ടാം നിലയുടെ നിർമ്മാണം) 1,85,00,000

2 കോളേജ് ഒഫ് അപ്ലൈഡ് സയൻസ്, കുഴൽമന്ദം (ഒന്നാം നിലയുടെ നിർമ്മാണം) 2,85,00,000

3 കോളേജ് ഒഫ് അപ്ലൈഡ് സയൻസ്, കുഴൽമന്ദം (ചുറ്റമതിൽ നിർമ്മാണം, ഡ്രയിനേജ്, ഫ്ലോറിംഗ് ജോലികൾ) 28,67,560

കൂടാതെ കോളേജ ഒഫ അപലൈഡ സയൻസ, വടക്കാഞ്ചേരിയിൽ നൂറ്ദിന കർമ്മപദ്ധതിയുടെ ഭാഗമായി ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പദ്ധതിയും, കുഴൽമന്ദം മോഡൽ പോളിടെക്നിക് കോളേജിൽ കാർബൺ ന്യൂട്രൽ ക്യാമ്പസ് പദ്ധതിയും നടപ്പിലാക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ